"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

സെൻട്രൽ പ്രിസൺ &
കറക്ഷണൽ ഹോം
പൂജപ്പുര,തിരുവനന്തപുരം-12

:0471-2342138

:cp.tvpm.prisons@kerala.gov.in

തീയതി : 19-06-2024

നം:CP-1(DS-G1)-431/2024/CPTvm

## ക്വട്ടേഷൻ നോട്ടീസ്

വിഷയം :- സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം :- 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ആവശ്യത്തിലേക്കായി സ്റ്റീൽ പ്ലേറ്റ്, മൊന്ത, ടംബ്ലർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന :- 02/05/2024 തീയതിയിലെ ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള ഉത്തരവ് നം. G1-9818/2024/PrHQ.

തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസികളുടെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ആവശ്യത്തിലേക്കായി ഗുണമേന്മയുള്ള സ്റ്റീൽപ്ലേറ്റ്, മൊന്ത, ടംബ്ലർ എന്നിവ വിതരണം ചെയ്യുവാൻ തയ്യാറുള്ള വ്യക്തികൾ, അംഗീകൃത ഏജൻസി/ സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 29/06/2024 (ശനിയാഴ്ച) വൈകിട്ട് മൂന്ന് മണി വരെയാണ്. അന്നേ ദിവസം നാല്മണിക്ക് ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്നതും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ ബഹു.ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അവർകളുടെ അംഗീകാരത്തിന് വിധേയമായി ക്വട്ടേഷൻ സ്ഥിരപ്പെടുത്തി വിതരണാനുമതി നൽകുന്നതാണ്. വിതരണാനുമതി ലഭ്യമായാൽ അഞ്ചു ദിവസത്തിനകം സാധനം വിതരണം ചെയ്യേണ്ടതാണ്.

ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് മുകളിൽ " സ്റ്റീൽ പ്ലേറ്റ്, മൊന്ത, ടംബ്ലർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ " എന്ന് രേഖപ്പെടുത്തിരിക്കണം. ക്വട്ടേഷൻ തീയതി മാറ്റുവാനോ തൃപ്തികരമായ വിലയല്ല രേഖപെടുത്തിയിരിക്കുന്നതെങ്കിൽ ക്വട്ടേഷനുകൾ നിരസിക്കുവാനോ ഉള്ള അധികാരം തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. ഇത് സംബന്ധമായ കൂടുതൽ വിവരങ്ങൾ പ്രവർത്തിദിവസങ്ങളിൽ തിരുവനന്തപുരം സെൻട്രൽ ജയിൽ സൂപ്രണ്ട് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ലഭ്യമാക്കേണ്ട സ്റ്റീൽ പ്ലേറ്റ്, മൊന്ത, ടംബ്ലർ എന്നിവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സാധനം | എണ്ണം | അളവുകൾ |
|---|---|---|---|
| 1 | സ്റ്റീൽ പ്ലേറ്റ് | 100 | ഭാരം: 420 ഗ്രാം<br>വ്യാസം: 10.5 ഇഞ്ച് |
| 2 | സ്റ്റീൽ പ്ലേറ്റ് | 100 | ഭാരം: 350 ഗ്രാം<br>വ്യാസം: 9.5 ഇഞ്ച് |
| 3 | മൊന്ത | 100 | ഭാരം: 400 ഗ്രാം<br>വ്യാപ്തം: 1.5 ലിറ്റർ |
| 4 | ടംബ്ലർ | 100 | ഭാരം: 65 ഗ്രാം<br>വ്യാപ്തം: 200 മില്ലി ലിറ്റർ |

സത്യരാജ് ഡി

സൂപ്രണ്ട്